# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുത്തോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-496/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുത്തോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-496/2022 തീയ്യതി: 30/03/2022

## കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 24-09-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 03-03-2022 | 10-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 10-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി പി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ
ശ്രീമതി. കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റൂബി ജോസ് | പ്രസിഡന്റ് | 01-04-2019 | 31-07-2019 |
| അഡ്വ. ജിസ് മോൾ തോമസ് | പ്രസിഡന്റ് | 01-08-2019 | 02-03-2020 |
| ശ്രീ. രാജൻ മുണ്ടമറ്റം | പ്രസിഡന്റ് | 03-03-2020 | 31-03-2020 |
| ശ്രീമതി. ലിറ്റി തോമസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കാർത്തിക പ്രിയദർശിനി എസ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. ജിന്റു ഫിലിപ്പ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. കാഷ്മീര | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സെലിൻ സൈമൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. നിഷ മേരി സിറിയക് | കൃഷി ഓഫീസർ | 01-04-2019 | 13-11-2019 |
| ശ്രീ. സിബി സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 14-11-2019 | 31-03-2020 |
| ഡോ. സാജൻമോൻ കെ ആൻറണി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. ദേവേഷ് എസ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. തോംസൺ വി. ജോസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. ലതീഷ് കുമാർ പി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. പുഷ്പാമ്മ കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 29-02-2020 |
| ശ്രീമതി. ശശികല | ഐ സി ഡി എസ് സൂപ്പർവൈസർ | 01-03-2020 | 31-03-2020 |
| ശ്രീ. ബിനീഷ് ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 27-11-2019 |
| ശ്രീ. വിഷ്ണു മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-08-2019 | 31-03-2020 |
| ശ്രീമതി. ദീപ മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ | 28-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 09-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-4 |
| 5 | പദ്ധതിഅവലോകനം.<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Unnikrishnan M (Auditor, On 26-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 08-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-10 |
| 11 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-11 |
| 12 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫല തുക മുഴുവനായും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല<br>Written By: Sivaraj P (Senior Grade Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-12 |
| 13 | രസീതുകൾ കൈകര്യം ചെയ്യുന്നതിൽ അപാകതകൾ<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-13 |
| 14 | പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-15 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-16 |

| | | |
|---|---|---|
| 17 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-17 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-18 |
| 19 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-19 |
| 20 | കോഴി ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-20 |
| 21 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: P B Shajimon (Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-21 |
| 22 | ഒടുക്കിയ 64005/രൂപ കെൽട്രോണിൽ വീണ്ടും ഒടുക്കി<br>Written By: P B Shajimon (Auditor, On 13-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-22 |
| 23 | ശുചിത്വ സുന്ദര മുത്തോലി- ഹൈവേ പൂന്തോട്ട സംരക്ഷണം പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 13-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-23 |
| 24 | ക്ഷീരകർഷകർക്ക് പാൽവില ധനസഹായം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകി<br>Written By: P B Shajimon (Auditor, On 13-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-24 |
| 25 | എ.ബി.സി. പ്രോഗ്രാം- പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 13-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-25 |
| 26 | ബാലസൗഹൃദ പ്രവർത്തനങ്ങൾ-നടപടിക്രമങ്ങളുടെ ആധികാരികത വ്യക്തമല്ല<br>Written By: Sivaraj P (Senior Grade Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-26 |
| 27 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി-4,277/- രൂപയുടെ ചെലവ് വിശദാംശമില്ല<br>Written By: Sivaraj P (Senior Grade Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-27 |
| 28 | ചകിണിക്കുന്ന് എസ്.സി. കോളനി ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങിയത് സ്റ്റോക്കിലെടുത്ത് കൈമാറിയില്ല<br>Written By: Sivaraj P (Senior Grade Auditor, On 12-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-28 |
| 29 | മുത്തോലി പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Unnikrishnan M (Auditor, On 13-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-29 |
| 30 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-30 |
| 31 | പന്തത്തല വനിത ക്ഷേമകേന്ദ്രം നിർമ്മാണം- അപാകതകൾ<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-31 |
| 32 | തിരുവേലിക്കൽ വനിതാക്ഷേമ കേന്ദ്രം ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ<br>Written By: Saji P R (Audit Officer, On 15-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-32 |
| 33 | ആശ്രയപദ്ധതി സംബന്ധിച്ച് | 1-33 |

| | | |
|---|---|---|
| | Written By: P B Shajimon (Auditor, On 13-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | |
| 34 | വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 14-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഒടുക്കിയ 64005/രൂപ കെൽട്രോണിൽ വീണ്ടും ഒടുക്കി<br>Written By: Anju P Natarajan (Computer Assistant, On 26-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 09-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Krishnapriya.S (Auditor, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 05-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 05-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Krishnapriya.S (Auditor, On 05-03-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 14-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 05-03-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 14-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 06-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 06-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 26-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 15.02.2019 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് 29.02.2020 തീയതിയിലെ IV/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 12173016.00 | 22625345.05 |
| വരവ് | 75193531.00 | 34890540.00 |
| ആകെ | 87366547.00 | 57515885.05 |
| ചെലവ് | 79616833.00 | 32782186.00 |
| നീക്കിയിരിപ്പ് | 7749714.00 | 24733699.05 |

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 50,027,399/- രൂപയും ചെലവ് 49,522,763/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 504,636/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 54,967,239/- രൂപയും ബാധ്യതകളുടെ മൂല്യം 40,301,326/- രൂപയും ജനറൽ ഫണ്ട് 14,665,913/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയ ഫണ്ടുകളുടെ വിനിമയം എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകൾ (B-7ഷെഡ്യൂൾ) മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ എന്നിവ ഏത് പ്രോജക്ട് സംബന്ധമാണെന്നുള്ള ഉദ്ദേശ്യവും വിശദാംശവും രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5.അക്രൂവൽ വരവിനങ്ങൾക്ക് മുൻകൂർ ലഭിച്ച തുക 31/03/2020 ബാലൻസ് ഷീറ്റ്(ബി-9) പ്രകാരമുള്ളതിന്റെ കൃത്യത ഡിമാന്റ് രജിസ്റ്ററിലൂടെ വ്യക്തമാക്കിയിട്ടില്ല.

6.31/03/2020 തീയതിയിലെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ SGST, CGST തുകകൾ അക്കൗണ്ട് ചെയ്യുന്ന ശീർഷകങ്ങൾ നെഗറ്റീവ് നീക്കിയിരിപ്പ് കാണിക്കുന്നു. GST റിട്ടേൺ സമർപ്പിക്കുന്നതിലെ കാലതാമസം മൂലം ഫൈൻ കൂടി ഒടുക്കിയത് പ്രസ്തുത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തതിനാലാണ് അപ്രകാരം നെഗറ്റീവ് നീക്കിയിരിപ്പ് നിലനിൽക്കുന്നത്.

7.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ആകെ 2 ലക്ഷം രൂപ മാത്രമാണ് ഭൂമിയുടെ മൂല്യമായി 31/03/2020 വരെ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

8.2019-20 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. 252200101-Roads General എന്ന റവന്യൂ ശീർഷകത്തിൽ 380,796/- രൂപ റോഡുകളുടെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്തിരിക്കുന്നു. പ്രസ്തുത

അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷം ചെയ്ത റോഡ് ആസ്തികൾ മുഴുവനായും 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

9.2019-20 വർഷം റോഡ് ടാറിങ്ങ് പ്രവൃത്തികൾ മുഴുവനും ആസ്തിയായി 410300102-Roads-Tarred ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

10.പ്രോജക്ട് നം.136/20 നെയ്യൂർ തോട് ചെക്ക് ഡാം നിർമ്മാണത്തിനായി ചെലവഴിച്ച 939,367/- രൂപയിൽ 3 ലക്ഷം രൂപ മാത്രമാണ് 410500101 ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തത്. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് ചെലവഴിച്ച 639,367/- രൂപ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

11.31/03/2020 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 175,856/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് ടി തുക ഈടാക്കിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപോസിറ്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല. നിലവിലുള്ള കുത്തകക്കാർ എല്ലാം വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

12.ICDS ഫണ്ട് ലഭിച്ച 45,238/- രൂപ റവന്യൂ ശീർഷകത്തിൽ വരവായി അക്കൗണ്ട് ചെയ്തു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ബാധ്യത ശീർഷകത്തിലായിരുന്നു വരവായി സ്വീകരിക്കേണ്ടത്. അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി തുക ബാധ്യത ശീർഷകത്തിലേക്ക് മാറ്റിയെങ്കിലും റിസീറ്റ് & പേമെന്റ് പത്രികയിൽ അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നു.

13.160200299 ശീർഷകത്തിൽ വരവായി അക്കൗണ്ട് ചെയ്ത 3,222/- രൂപ ഏതിനം ഫണ്ടാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

14.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

15.വാടക ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും കണക്കുകൾ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് ഫീസ് കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

16.2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-18 പ്രകാരം വസ്തുനികുതി 113,229/- രൂപ മുൻവർഷങ്ങളിലെ ഡിമാന്റ് Prior Period ഇനമായി ക്രമീകരിച്ച് കുറവു ചെയ്തിട്ടുണ്ട്. കുടിശിക ഡിമാന്റ് തുക സഞ്ചയയിലെയും സാംഖ്യയിലേതും തുല്യമാക്കുന്നതിന് കുടിശിക ഡിമാന്റിൽ കുറവ് വരുത്തിയത് എന്നാണ് അക്കൗണ്ടിങ്ങ് കുറിപ്പുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

17.കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ പ്രകാരം(40/20-41,000/-, 41/20-41,327/-, 194/20-149,500/-, 73/20-360,464/-) ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതം 592,291/- രൂപയുടെ ചെലവ് വാർഷിക കണക്കിലും സുലേഖ ചെലവ് പത്രികയിലും അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിലും സുലേഖ ചെലവ് പത്രികയിലും പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.

18.പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ കൃത്യമായ വിശദാംശങ്ങൾ, മുന്നിരിപ്പ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. 31/03/2020 തീയതിയിലെ ബാലൻസ് ഷീറ്റ് ബ-18 ഡെപോസിറ്റ് തുകകളുടെ ആധികാരികതയോ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.

19.Capital Work In Progress ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതും ക്രമീകരിച്ചതുമായ പ്രോജക്ട് ചെലവുകളുടെയും 31/03/2020 ലെ നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

20.2019-20 റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം 43,416/- രൂപയാണ് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതായി അക്കൗണ്ട് ചെയ്തത്. അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ 60,000/- രൂപയും ഉൾപ്പടെ ആകെ 103,416/- രൂപയാണ് കെ.എസ്.ഇ.ബി. നിക്ഷേപ ശീർഷകത്തിൽ നിക്ഷേപ തുകയായി കാണുന്നത്. സുലേഖ ചെലവ് പത്രിക പ്രകാരം 97,773/- രൂപയാണ് കെ.എസ്.ഇ.ബി. നിക്ഷേപിച്ചത്. സുലേഖ ചെലവ് പത്രിക പ്രകാരം ഡെപോസിറ്റ് തുകയിൽ ധനകാര്യ പത്രികയിൽ ഉള്ളതിൽ നിന്നും 5,643/- രൂപയുടെ വ്യത്യാസം കാണുന്നു.

21.KURDFC ലോൺ തുക 2019-20 വർഷം വികസനഫണ്ടിൽ നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത 147,059/- രൂപ ലോൺ തിരിച്ചടവായി അക്കൗണ്ട് ചെയ്തിട്ടില്ല. ആതിനാൽ 31/03/2020 ലെ ബാലൻസ് ഷീറ്റ് ലോൺ തുകയിൽ 2019-20 വർഷത്തെ തിരിച്ചടവ് തുക കുറവ് ചെയ്യാതെയുള്ള തുകയാണ് നിലനിൽക്കുന്നത്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22,625,345.05/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34,890,540/- |
| ആകെ | 57,515,885.05/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32,782,186/- |
| നീക്കിയിരിപ്പ് | 24,733,699.05/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64005 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 813294/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8828000 | 8828000 | 8121455 | 706545 | 91.99 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2530000 | 2530000 | 2115066 | 414934 | 83.59 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10192000 | 10192000 | 1071088 | 9720912 | 10.51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3251000 | 3251000 | 959500 | 2291500 | 29.51 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 6748664 | 6748664 | 2123280 | 4625384 | 31.46 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 7579 | 8985556 | 8993135 | 8989651 | 3484 | 99.96 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 964986 | 231851 | 1196837 | 588962 | 607875 | 49.20 |
| ശുചിത്വമിഷൻ ഗ്രാന്റ് | 2897 | 0 | 2897 | 0 | 2897 | 0 |

വികസനഫണ്ട് പൊതുവിഭാഗത്തിന്റെ അലോട്ടുമെന്റുകളിൽ നിന്നും 891852 രൂപ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ പഞ്ചായത്തിൽ ടി തുക പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുക ഉൾപ്പെട്ടിട്ടില്ല. ഉറവിടത്തിൽ കുറവ് ചെയ്തിരുന്ന തുകകൾ വായ്പാ തിരിച്ചടവ് 147059 രൂപ, അംഗൻവാടി ജീവനക്കാരുടെ വേതനം ഇനത്തിൽ കുറവ് ചെയ്ത 744600 രൂപ, വൈദ്യുതി ചാർജ് ഇനത്തിൽ കുറവ് ചെയ്ത 193 രൂപ എന്നിവയാണ്. എന്നാൽ ഇവയ്ക്ക് പ്രോജക്ട് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കിയില്ല.

## 1-5 പദ്ധതിഅവലോകനം.

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 21.11.2018 തീയതിയിൽ യോഗം ചേർന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 2(1)/16.11.2018 നമ്പർ തീരുമാനപ്രകാരം

പുനസംഘടന അംഗീകരിച്ചു. 21.01.2019 ൽ യോഗം ചേർന്നിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ ഗ്രാമസഭകൾ 01.01.2019 മുതൽ 13.01.2019 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 23.11.2018ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 23.01.2019 മുതൽ 3.02.2019 വരെയുള്ള തീയതികളിൽ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 7.12.2018ലെ 1(2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 09.03.2020 ലെ 2707/18 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 179 | 58833303 | 106 | 20914804 | 73 | 59.21 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 1420958 | 4 | 749392 |
| വെറ്ററിനറി സർജൻ | 4 | 2015000 | 4 | 893600 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 2907954 | 4 | 1017731 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 100000 | 1 | 100000 |
| വി.ഇ.ഒ | 11 | 8849000 | 10 | 4961900 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 3490812 | 5 | 2894012 |
| സെക്രട്ടറി | 33 | 7081871 | 20 | 1795104 |
| എച്ച്.എം. | 8 | 1542567 | 8 | 1024396 |
| അസിസ്റ്റന്റ് എൻജിനീയർ | 97 | 29730800 | 44 | 6588457 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 673720 | 1 | 547995 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 1020621 | 5 | 342217 |
| ആകെ | 179 | 58833303 | 106 | 20914804 |

<u>ലക്ഷ്യം കൈവരിച്ചില്ല . 17759275 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>

2019-20 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 17759275/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 8828000 | 8121455 | 706545 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 2530000 | 2115066 | 414934 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10192000 | 1071088 | 9720912 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3251000 | 959500 | 2291500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 6748664 | 2123280 | 4625384 |
| ആകെ | | | 17759275 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 17759275 രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. നിക്ഷേപ പ്രവൃത്തികൾ മുൻ വർഷങ്ങളിലേതുൾപ്പെടെ 290283 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 290283/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 290283/- രൂപയുടെ പൂർത്തീകരണ വിവരമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിരുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 1718 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 146 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 101 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 88 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 20297 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 108 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 126 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 356 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തീറ്റപ്പുൽ കൃഷി, ഫാം പോണ്ട്, തോട് പുനരുദ്ധാരണം, എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സെന്റർ തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 7579 | 625830 | 633409 | 629925 | 3484 |
| ഇ.എഫ്.എം.എസ്. | 0 | 8359726 | 8359726 | 8359726 | 0 |
| ആകെ | 7579 | 8985556 | 8993135 | 8989651 | 3484 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 8640 | 10 |
| വാർദ്ധക്യകാല പെൻഷൻ | 6069900 | 1219 |
| കർഷക തൊഴിലാളി പെൻഷൻ | 786000 | 127 |
| വിധവാ പെൻഷൻ | 2344200 | 422 |
| 50 വയസ്സിലധികം പ്രായമായ അവിവാഹിത പെൻഷൻ | 153600 | 33 |
| വികലാംഗ പെൻഷൻ | 884200 | 153 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2022 തീയതി 3.15 പി. എം. ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8277/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2019 | 11/2019 | ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.01.2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2381/182 തീയതി 09.03.2016 |

## 1-11 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ

പഞ്ചായത്തിലെ വിവിധ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല എന്ന് കാണുന്നു. 2019-20 വർഷം അടിസ്ഥാന രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുള്ളത്. രജിസ്റ്റർ സൂക്ഷിപ്പിലെ പ്രധാനപ്പെട്ട അപാകതകൾ താഴെ വിവരിക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | രജിസ്റ്ററിന്റെ ഉദ്ദേശ്യം | അപാകതകൾ |
|---|---|---|---|
| 1. | Special Grants Appropriation Control Register(ACR) | പഞ്ചായത്തിലെ എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ബ്ലോക്ക് ജില്ല പഞ്ചായത്ത് വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതങ്ങൾ തുടങ്ങി പഞ്ചായത്ത് ഫണ്ടിലെ ഗ്രാന്റുകളുടെ വിനിനമയം രേഖപ്പെടുത്തുന്ന രജിസ്റ്റർ. | ACR ൽ ഗ്രാന്റുകളുടെ മുന്നിരിപ്പിന്റെ വിശദാംശം ചേർത്തിട്ടില്ല. ഫണ്ടുകൾ ചെലവഴിക്കുമ്പോൾ ചെലവ് പ്രോജക്റ്റ് വിശദാംശം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്റ്റ് ചെലവ്, പ്രോഗ്രസീവ് ചെലവ് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷ കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2. | Deposits Received Register | ലഭിച്ച നിക്ഷേപങ്ങളുടെ വിവരം, കാലയളവ്, റീഫണ്ട് എന്നിവ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ. ഉദാ:EMD | ഡെപോസിറ്റ് ചെയ്ത വ്യക്തി/സ്ഥാപനം, പ്രോജക്റ്റ്, കാലയളവ് എന്നിങ്ങനെയുള്ള എല്ലാ വിശദാംശവും രജിസ്റ്ററിൽ ചേർക്കുന്നില്ല. രജിസ്റ്ററിന്റെ ആധികാരികതയുടെ അഭാവത്തിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ കഴിഞ്ഞിട്ടില്ല. കണക്കുകൾ ക്രോഡീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3. | Demand Collection Balance (DCB) | അക്രുവൽ വരവുകളായ വസ്തുനികുതി, തൊഴിൽ നികുതി(ട്രേഡർ, സ്ഥാപനം, പ്രൊഫഷണൽ), വാടക, ലൈസൻസ്, തവണകളായി ഒടുക്കുന്ന ലേല തുക എന്നിവയുടെ ഡിമാന്റും വരവും നിരീക്ഷിക്കുന്നതിന്. | തൊഴിൽ നികുതി(ട്രേഡർ, സ്ഥാപനം, പ്രൊഫഷണൽ), വാടക, ലൈസൻസ് എന്നിവയുടെ ഡേറ്റാബേസ് തയ്യാറാക്കി കൃത്യമായ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല. രജിസ്റ്ററിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി |

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തിയിട്ടില്ല. ധനകാര്യ പത്രിക കണക്കുമായി രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. കണക്കാക്കി പൊരുത്തപ്പെടുത്തിയിട്ടില്ല. |
| 4. | Governmet & Other Dues Register | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കുമുള്ള അടവാക്കൽ നിരീക്ഷിക്കുന്ന രജിസ്റ്റർ ഉദാ:GST | 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം CGST, SGST ശീർഷകങ്ങൾ 1,605/- രൂപ വീതം ആകെ 3,210/- രൂപ നെഗറ്റീവ് നീക്കിയിരിപ്പ് കാണിക്കുന്നു. GST തുക അധികമായി സർക്കാരിലേക്ക് ഒടുക്കിയതോ, ഫൈൻ തുക ഉൾപ്പടെ GST ശീർഷകത്തിൽ നിന്ന് ഒടുക്കിയതിനാലോ ആണ് അപാകത സംഭവിച്ചത്. |
| 5. | Asset Register | ആസ്തികളുടെ മൂല്യം കൃത്യമായി വർഗ്ഗീകരിച്ച് സൂക്ഷിക്കുന്നതിന്. | രജിസ്റ്റർ കാലികമല്ല. ആസ്തികളുടെ കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ ധനകാര്യ പത്രികയിലും അപാകതകൾ നിലനിൽക്കുന്നു. |
| 6. | Advanve Register | പഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ അഡ്വാൻസ് തുകകളുടെ വിനിമയം ക്രമീകരണം എന്നിവ നിരീക്ഷിക്കുന്നതിന് | ധനകാര്യ പത്രിക പ്രകാരമുള്ള മുൻകൂർ ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ വിശദാംശം അഡ്വാൻസ് ഡെപോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. കണക്കുകൾ സെക്രട്ടറി നിരീക്ഷിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 7. | Capital Work In Progress Register | പാർട്ട് ബിൽ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന്. ഫൈനൽ ബിൽ പ്രകാരം ആസ്തിയിലേക്ക് ഉൾപ്പെടുത്തുന്നത് പ്രോജകട് വിശദാംശം ഉൾപ്പടെ നിരീക്ഷിക്കുന്നതിന്. | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 8. | Audit Recovery Register | ഓഡിറ്റ് റിപ്പോർട്ട്, സർച്ചാർജ് നോട്ടീസ് എന്നിവ പ്രകാരം അടവാക്കുന്ന തുകകളുടെ വരവ് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന്. തുക | രജിസ്റ്ററും വിശദാംശങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | ഒടുക്കിയ വ്യക്തി/സ്ഥാപനം, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക, വർഷം തുടങ്ങിയ വിശദാംശം ചേർത്ത് സെക്രട്ടറി സൂക്ഷിക്കേണ്ട രജിസ്റ്റർ. | |

2019-20 വർഷം മേൽവിവരിച്ച അടിസ്ഥാന രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് ഇടപാടുകൾ നടന്നിട്ടുള്ളത് എന്നതിനാൽ ഇടപാടുകളുടെ കൃത്യതയും ആധികാരികതയും ഓഡിറ്റിന് ഉറപ്പാക്കാനാവുന്നില്ല. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.20/2019-20/10.03.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. 2019-20 വർഷത്തെ മേൽവിവരിച്ച രജിസ്റ്ററുകൾ മുന്നിരിപ്പ് വിശദാംശങ്ങൾ, തൻവർഷ ഇടപാടുകൾ, ഇടപാടുകളുടെ സംക്ഷിപ്തം തുടങ്ങിയ എല്ലാവിരങ്ങളും രേഖപ്പെടുത്തി ഓരോ ഇടപാടുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ട് മറുപടിയ്ക്കൊപ്പം ഹാജരാക്കേണ്ടതാണ്. അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്. ജിഎസ് ടി യഥാസമയം ഒടുക്കാതിരുന്നതിനാൽ 3, 210/- രൂപ ഫൈനായി തനത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടി വന്നിട്ടുണ്ട്. ആയത് ശരിയായ നടപടിയല്ല. പലിശയിനത്തിൽ ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-12 അങ്കണവാടി ജീവനക്കാരുടെ പ്രതിഫല തുക മുഴുവനായും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല

2019-20 വർഷത്തെ വികസന ഫണ്ട്(ജനറൽ) വിഹിതം ലഭിച്ച അലോട്ട്മെന്റുകളിൽ നിന്നും അങ്കണവാടി തൊഴിലാളികളുടെ വേതനമിനത്തിലുള്ള തുക 2235-02-102-05-Deduct Amount Transferred From Development Fund Towards Honorarium & Allowance Of Anganwadi Workers And Helpers(NP) ശീർഷകത്തിലേക്ക് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ ഫണ്ട് അലോട്ട്മെന്റ് ഉത്തരവുകളിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു(ഖണ്ഡിക.4). എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള മുഴുവൻ തുകയും 2019-20 വർഷം മുത്തോലി പഞ്ചായത്തിൽ(Local Body Code: G050506) നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വികസന ഫണ്ട് അലോട്ട്മെന്റ് സർക്കാർ ഉത്തരവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ബാക്കി | പ്രോജക്റ്റ് നം. |
|---|---|---|---|---|
| സ.ഉ.(സാധാ)നം.2772/2019/ധന, തീയതി 03/04/2019(അനുബന്ധം-1 ക്രമ നം.298) | 248,200/- | ഇല്ല | 248,200/- | - |
| സ.ഉ.(സാധാ)നം.6105/2019/ധന, തീയതി 01/08/2019(അനുബന്ധം-1 ക്രമ നം.298) | 248,200/- | 248,200/- | ഇല്ല | 72/20 |
| സ.ഉ.(സാധാ)നം.10050/2019/ധന, തീയതി 21/12/2019(അനുബന്ധം-1 ക്രമ നം.298) | 248,200/- | 248,200/- | ഇല്ല | 72/20 |
| ആകെ | 744,600/- | 496,400/- | 248,200/- | - |

ആകെ 744,600/- രൂപ ഒടുക്കേണ്ട സ്ഥാനത്ത് 496,400/- രൂപ മാത്രമാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ 72/20 നം. പ്രോജക്റ്റിലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്. 2019-20 വർഷം വികസനഫണ്ട് പൊതുവിഭാഗത്തിൽ 706,545/- രൂപ ചെലവഴിക്കാതെ ലാപ്സായിട്ടുമുണ്ട്. മതിയായ വികസന ഫണ്ട് ഉണ്ടായിരുന്നിട്ടും സർക്കാർ ഉത്തരവുകൾ പ്രകാരം 2019-20 വർഷം ഒടുക്കേണ്ടിയിരുന്ന തുകയിൽ 2,48,200/-രൂപ പ്രോജക്റ്റ് രൂപീകരിച്ച് അടവാക്കാത്തതിന് വിശദീകരണ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/2019-20/10.03.2022) മറുപടി ലഭിച്ചില്ല. 2019-20 വർഷം ഒടുക്കേണ്ടിയിരുന്ന 2,48,200/-രൂപ സർക്കാർ അനുമതി വാങ്ങി നിശ്ചിത ശീർഷകത്തിൽ അടവാക്കുകയോ വികസന ഫണ്ട് സ്രോതസ്സിൽ കുറവ് വരുത്താൻ സർക്കാർ മുഖേന നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടികൾ പൂർത്തിയാക്കി വിശദാംശം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 രസീതുകൾ കൈകര്യം ചെയ്യുന്നതിൽ അപാകതകൾ

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1.8.2009 പ്രകാരം പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രസീതുകളിലൂടെയും, സാംഖ്യ സോഫ്റ്റ്വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രസീതുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രസീതുകളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീതുകളുടെ സ്റ്റോക്ക്, വിതരണ രജിസ്റ്റർ പ്രകാരം ഇഷ്യൂ ചെയ്യാത്ത 22410 നമ്പർ രസീത് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ പരിശോധനക്ക് ഹാജരാക്കിയിരിക്കുന്നു.

2. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്യുന്ന മാന്വൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല (കെടിസി വാല്യം 1ആർട്ടിക്കിൾ 90 ബി, കുറിപ്പ് 2).

മേൽ സംഗതികൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/09.03.2022) രസീത് ബുക്ക് സ്റ്റോക്ക് ബുക്കിൽ ചേർക്കാതെ ഇഷ്യൂ ചെയ്തതാണെന്നും ആയത് ചേർത്ത് വെറ്റിനറി സർജനെക്കൊണ്ട് ഒപ്പ് വച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്യുന്ന മാന്വൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നതിൽ തുടർ വർഷങ്ങളിൽ വീഴ്ച്ച വരുത്താതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രസീത് ബുക്ക് സ്റ്റോക്ക് ബുക്കിൽ ചേർക്കാതെ ഇഷ്യൂ ചെയ്യുന്നത് ഗുരുതരമായ ക്രമക്കേടുകൾക്ക് കാരണമാകുമെന്നതിനാൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം | സഞ്ചയ സോഫ്റ്റ് വെയറിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | I/281 | സുമേഷ് എൻ | കോൺക്രീറ്റ് വർക്ക്സ് | പാർപ്പിടാവശ്യം |
| 2 | X/371 | തോമസ് എൻ ജെ | എൻ ജെ മിൽ | പാർപ്പിടാവശ്യം |
| 3 | XII/2 | സ്മിത എ നായർ | ലതർ ഗുഡ്സ് & പാത്രങ്ങൾ | പാർപ്പിടാവശ്യം |
| 4 | III/299 | ഷീബ സാബു | മരിയ ബേക്കേഴ്സ് | പാർപ്പിടാവശ്യം |

ഇപ്രകാരം വിവിധ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(13/09.03.2022) ടി കെട്ടിടങ്ങളുടെ നികുതി നിരക്ക് മാറ്റുന്നതിന് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ ലൈസൻസ് നൽകുന്നതിനുമുമ്പ് കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമായി പരിശോധിക്കേണ്ടതാണ്.

1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | I/176/1 | സബ് ഡിവിഷണൽ എഞ്ചിനീയർ | 2018-19മുതൽ 2019-20 വരെ | 34599 |
| 2 | V/303 | സബ് ഡിവിഷണൽ എഞ്ചിനീയർ | 2018-19മുതൽ 2019-20 വരെ | 27686 |
| 3 | XIII/122 | ബി എസ് എൻ എൽ | 2018-19മുതൽ 2019-20 വരെ | 14170 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/08.03.2022) ടി കെട്ടിട ഉടമകളെ ഫോൺ മുഖാന്തിരവും ഡിമാന്റ് നോട്ടീസ് നൽകിയും നികുതി സംബന്ധിച്ച് അറിയിച്ചിട്ടുള്ളതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി പോലുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മേമന ഫിനാൻസിയേഴ്സ് | 2 |
| 2 | സാക്ഷരതാ മിഷൻ | 2 |
| 3 | ടി എസ് നം. 9 ഷാപ്പ്, മേവട | 2 |
| 4 | ടി എസ് നം. 29 ഷാപ്പ്, പന്തത്തല | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/08.03.2022) നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുത്തോലി | 1, 2 |
| 2 | മുത്തോലി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1, 2 |
| 3 | വെട്ടത്ത് ഫിനാൻസ് | 2 |
| 4 | മൈലാലിൽ ഫിനാൻസ് | 2 |
| 5 | മേമന ഫിനാൻസിയേഴ്സ് | 2 |
| 6 | കോട്ടയം മോട്ടോഴ്സ് | 2 |
| 7 | വൈപ്പന ഫാമിലി കെയർ | 1,2 |
| 8 | ഗായത്രി സെൻട്രൽ സ്കൂൾ | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/08.03.2022) നികുതി ഈടാക്കുന്നതിന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 വർഷം ഈടാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. മുത്തോലി പഞ്ചായത്ത് പരിധിയിൽ 2019-20 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1. ഹോളിക്രോസ് ഡെന്റൽ ക്ലിനിക് & ഓർത്തോഡെന്റിക് സെന്റർ
2. വൈപ്പന ഫാമിലി കെയർ ക്ലിനിക് & ലാബ്

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/09.03.2022) മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 കോഴി ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് , കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക്

ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും പ്രസ്തുത ലൈസൻസിലും, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ കോഴി വളർത്തൽ ഷെഡ് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിട നമ്പറുകളിൽ 2019-20 വർഷം ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | I/172 A | മൈക്കിൾ ലൂക്കോസ് മേടക്കൽ | കോഴി വളർത്തൽ ഷെഡ് |
| | | | |
| 2 | IV/321 | റ്റെഡി ജോർജ് പാറേൽ | കോഴി വളർത്തൽ ഷെഡ് |
| 3 | IX/187 A | ഷാജി ജോസഫ് പന്തപ്ലാക്കൽ | കോഴി വളർത്തൽ ഷെഡ് |
| 4 | X/209 | സതീന എബ്രഹാം വടക്കേമുറിയിൽ | കോഴി വളർത്തൽ ഷെഡ് |
| 5 | X/224 A | ജോസഫ് പാലക്കടിയിൽ | കോഴി വളർത്തൽ ഷെഡ് |
| 6 | X/228 | പി വി വർക്കി പൂത്തോട്ടാൽ | കോഴി വളർത്തൽ ഷെഡ് |
| 7 | XI/346 B | അലക്സാണ്ടർ സ്കറിയ ചെറുകരക്കുന്നേൽ | കോഴി വളർത്തൽ ഷെഡ് |
| 8 | XIII/271 | തോമസ് ജോസഫ് കല്ലിട്ടക്കിൽ | കോഴി വളർത്തൽ ഷെഡ് |

ഇപ്രകാരം ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/10.03.2022) മേൽ കെട്ടിടങ്ങളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരിശോധന നടത്തി നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രോജക്ടുകളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് വിവരങ്ങൾ | ഫണ്ടിനം | വകയിരുത്തൽ | ചെലവ്തുക | ബിൽ / ചെക്ക് വിവരം |
|---|---|---|---|---|---|
| 1 | 5/20-എൻആർഎച്ച്എംആയൂർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | റോഡിതരം | 300000/ | 300000/ | ബിൽ- 6 / 19-20-6.11.19 |
| 2 | 125/20-തിരുവേലിക്കൽ | തനത്ഫണ്ട് | 20761 | 19561 | ചെക്ക്- |

| | | | | | |
|---|---|---|---|---|---|
| | വനിതാക്ഷേമ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ | | | | 2464634/26.3.20 |
| 3 | 168/20 പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം | തനത്ഫണ്ട് | 317000 | 39100 | ചെക്ക്-2326496/3.2.20 |
| 4 | 195/20- എംആർഎഫ് സെന്റർ ഇലക്ട്രിഫിക്കേഷൻ | തനത്ഫണ്ട് | 80000 | 79912 | ചെക്ക്-2464636/26.3.20 |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/10.03.22 ന് ലഭ്യമാക്കിയ മറുപടിയിൽ ഫയലുകൾ നേരിൽ ഹാജരാക്കാമെന്ന് മറുപടി ലഭിച്ചു. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 438573/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ഒടുക്കിയ 64005/രൂപ കെൽട്രോണിൽ വീണ്ടും ഒടുക്കി

സെക്രട്ടറി നിർവ്വഹണം നടത്തിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന ( നമ്പർ 120/20 ) പ്രോജക്ടിനായി വികസനഫണ്ട് റോഡിതരം ഫണ്ടിൽ നിന്നും 150000/ രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും ലഭ്യമായ പ്രഫോർമ ഇൻവോയിസ് നമ്പർ 11139/18-19 തീയതി 12.11.2019 പ്രകാരം ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായി 30527/ രൂപയും, പ്രഫോർമ ഇൻവോയിസ് നമ്പർ 11240/18-19 തീയതി 14.11.2019 പ്രകാരം ഒരു ലാപ് ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായി 33478/ രൂപയും ഉൾപ്പടെ ആകെ 64005/രൂപ ബിൽ നമ്പർ 12/19-20 – 05.12.19 പ്രകാരം പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും, ലാപ് ടോപ്പ് കമ്പ്യൂട്ടറും ലഭ്യമാകുകയും ആയത് ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് യഥാക്രമം വെറ്ററിനറി സർജൻ. അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിലേക്ക് നൽകിയിട്ടുമുണ്ട്. ബിൽ നമ്പർ 34 /19-20 – 24.3.20 പ്രകാരം പിൻവലിച്ച് ഒരു പ്രിന്റർ വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമാണ്. പിന്നീട് ബിൽ നമ്പർ 24 */19-20 –* തീയതി *2.3.20 പ്രകാരം 30527,* ബിൽ നമ്പർ 25/*19-20 തീയതി – 2.3.20 പ്രകാരം 33478 /* രൂപയും പിൻവലിച്ച് ആകെ 64005/രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല. ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം ഫയലിലോ, ഹാർഡ് വെയർ രജിസ്റ്ററിലോ ലഭ്യമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ 64005/രൂപ കെൽട്രോണിന് അധികമായി നൽകിയിട്ടുള്ളതാണ് എന്നും, തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ ജാഗ്രതക്കുറവ് മൂലമാണ് ഇത്തരം അപാകതകളുണ്ടാവുന്നത്. 64005/രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

1-23 ശുചിത്വ സുന്ദര മുത്തോലി- ഹൈവേ പൂന്തോട്ട സംരക്ഷണം പ്രോജക്ട് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ ശുചിത്വ സുന്ദര മുത്തോലി- ഹൈവേ പൂന്തോട്ട സംരക്ഷണം പ്രോജക്ടിനായി (നമ്പർ 174/20)തനത് ഫണ്ടിൽ നിന്നും തൻവർഷം 53699/രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 12082 രൂപയുടെ ചെലവ് സംബന്ധിച്ച വിശദാശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (07/19-20) മറുപടിയോടൊപ്പം 12082/ രൂപയ്ക്ക് പെട്രോൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കി. ഇത് പ്രകാരം ആകെ തൻവർഷം 17381/രൂപയുടെ പെട്രോൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ഏറ്റുമാനൂർ പൂഞ്ഞാർ ഹൈവേയുടെ സൈഡിലുള്ള പൂന്തോട്ടത്തിലെ പുല്ല് വെട്ടുന്നതിനുള്ള യന്ത്രം പ്രവർത്തിക്കുന്നതാനായാണ് പെട്രോൾ വാങ്ങുന്നത്. എന്നാൽ ഏതൊക്കെ ദിവസങ്ങളിൽ എത്രസമയം പുല്ല് വെട്ടുന്നതിനുള്ള യന്ത്രം പ്രവർത്തിപ്പിട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രജിസ്റ്റർ ( ലോഗ് ബുക്ക്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുല്ല് വെട്ടുന്നതിനുള്ള യന്ത്രം പ്രവർത്തിപ്പിച്ചത് ആരാണെന്നതും, ആയതിനുള്ള ചെലവ് സംബന്ധിച്ച വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ക്ഷീരകർഷകർക്ക് പാൽവില ധനസഹായം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകി

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ആകെ 547995/രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ പേര് | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ തീയതി | തുക |
|---|---|---|---|---|---|
| 80/20 -ക്ഷീരകർഷകർക്ക് പാൽവില ധനസഹായം | വികസനഫണ്ട് | 298720 | 298720 | 1/14.10.2019<br>2/26.10.2019<br>3/10.12.2019<br>4/09.03.2020<br>5/09.03.2020<br>6/09.03.2020 | 239455<br>100000<br>59265<br>49653<br>49722<br>49900 |
| | ബ്ലോക്ക് വിഹിതം | 175000 | 100000 | | |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | 149275 | | |

സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖ 6-2-8 പ്രകാരം ഒരു ഗുണഭോക്താവിന് ആകെ അനുവദിക്കാവുന്ന ധനസഹായം 40000/ രൂപ മാത്രമാണ്.

എന്നാൽ ശ്രീ.ബിനു ഫിലിപ്പ്, മുടക്കാലിൽ കട്ടയത്ത്, വള്ളിച്ചിറ എന്ന ഗുണഭോക്താവിന് 40000/ രൂപ അനുവദിച്ചതിനൊപ്പം ഇതേ കുടുംബത്തിലെ മറ്റൊരംഗമായ നിബി ബിനു, മുടക്കാലിൽ കട്ടയത്ത്, വള്ളിച്ചിറ എന്നയാൾക്ക് 25023/ രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/09.03.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 25023/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം തുക ഇടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-25 എ.ബി.സി. പ്രോഗ്രാം- പ്രോജക്ട് സംബന്ധിച്ച്

2019- 2020 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിനായി ( നമ്പർ184/20) തനത് ഫണ്ടിൽ നിന്നും 55000/ രൂപ ചെക്ക് നമ്പർ 2464625/ 11.03.20പ്രകാരം പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് എത്രമാത്രം തെരുവ് നായ്ക്കൾ വന്ധ്യംകരിക്കുന്നതിനുണ്ട് എന്ന കണക്കെടുപ്പിന്റെയോ വിലയിരുത്തലിന്റേയോ അടിസ്ഥാനത്തിലാണോ തുക ഒടുക്കുന്നത് എന്ന് വ്യക്തമല്ല. പ്രോജക്ട് പ്രകാരം ഒടുക്കിയ തുക ഉപയോഗിച്ച് തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്ന പ്രവ്യത്തി നടന്നതിന്റെ വിശദാംശങ്ങളോ തുകയുടെ വിനിയോഗം പ്രോജക്ടിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച വിവരങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/09.03.2022) ലഭ്യമാക്കിയ മറുപടിയിൽ മുത്തോലി പഞ്ചായത്തിന്റെ ഊഴം എത്തുമ്പോൾ പ്രോജക്ട് പ്രകാരമുള്ള പ്രവ്യത്തികൾ ചെയ്യുന്നതാണ് എന്ന് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും അറിയിച്ചതായി പറയുന്നു. പ്രവ്യത്തി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 55000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ബാലസൗഹ്യദ പ്രവർത്തനങ്ങൾ-നടപടിക്രമങ്ങളുടെ ആധികാരികത വ്യക്തമല്ല

| | |
|---|---|
| പ്രോജക്ട് | ബാലസൗഹ്യദ പഞ്ചായത്ത് പ്രവർത്തനങ്ങൾ<br>(162/20), സ്പിൽ ഓവർ പ്രോജക്ട് |
| അടങ്കൽ | 2 ലക്ഷം (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ചെലവ് | 34,200/- രൂപ തനത് ഫണ്ട് |

| | |
|---|---|
| ചെലവ് വിശദാംശം | വൗച്ചർ നം.219001011 തീയതി 29/02/2020<br>ചെക്ക് നം.2464617/29.02.2020 |

2018-19 വർഷത്തിൽ നിന്നും സ്പിൽ ഓവറായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ പ്രിന്റിങ്ങ് ചാർജ് നൽകുന്നതിനാണ് 34,200/- രൂപ ചെലവഴിച്ചത്. Ashoka Offset Press, Market Road, Pala എന്ന സ്ഥാപനത്തിന്റെ 556101010050159 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയത്(IFC-UBIN0555614). ടി സ്ഥാപനം ഹാജരാക്കിയ തീയതി രേഖപ്പെടുത്താത്ത 409 നമ്പരായ ക്യാഷ് മെമ്മോ ബിൽ പ്രകരമാണ് തുക അനുവദിച്ചത്. 100 എണ്ണം സ്കൂൾ ഡയറികൾ (2,000/-), 150 എണ്ണം ബാലസൗഹൃദ റിപ്പോർട്ട് ബുക്ക്(32,200/-) എന്നാണ് ക്യാഷ് മെമ്മോയിൽ രേഖപ്പടുത്തിയിട്ടുള്ളത്. വാങ്ങിയ സ്റ്റേഷനറി എപ്രകാരം ബാലസൗഹൃദ പ്രവർത്തനത്തിന് വിനിയോഗിച്ചു എന്നത് ഫയലിൽ വ്യക്തമല്ല. സ്റ്റേഷനറി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല. ബാലസൗഹൃദ പ്രവർത്തനങ്ങൾ ഏത് കാലയളവിൽ നടന്നതാണ് എന്നതിനും ഫയലിൽ രേഖകളില്ല.

തീയതി രേഖപ്പടുത്താതെയുള്ള ക്യാഷ് മെമ്മോ ബിൽ പ്രകാരം തുക ചെലവഴിച്ചതിന്റെ ആധികാരികത വ്യക്തമാക്കുവാനും പ്രോജക്ട് പ്രകാരമുള്ള ബാലസൗഹൃദ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ എല്ലാ അനുബന്ധരേഖകളും ഹാജരാക്കാനും സ്പിൽ ഓവർ പ്രോജക്ട് ചെലവ് സാമ്പത്തികവർഷം അവസാനത്തിൽ നടത്തിയതിന്റെ ആധികാരികത വിശദീകരിക്കാനും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്(നം.19/2019-20/10.03.2022) മറുപടിയിൽ ക്യാഷ് മെമ്മോ ബിൽ തീയതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും സർക്കാർ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഡയറി വിതരണത്തിനാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കി. തുകയുടെ വിനിയോഗ വിവരവും ബാലസൗഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങളുടെ രേഖകളും ഹാജരാക്കുമെന്നും മറുപടിയിൽ അറിയിച്ചു. മറുപടിയിൽ പറഞ്ഞ വിശദാംശങ്ങളും പ്രോജക്ട് പ്രകാരമുള്ള ബാലസൗഹൃദ പ്രവർത്തനങ്ങളുടെ രേഖകളും ഹാജരാക്കുന്നതുവരെ 34,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി-4,277/- രൂപയുടെ ചെലവ് വിശദാംശമില്ല

| | |
|---|---|
| പ്രോജക്ട് | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി<br>(165/20) സ്പിൽ ഓവർ പ്രോജക്ട് |
| അടങ്കൽ | 346,517/-(75,990/- തനത് ഫണ്ട് 270,527/- ജില്ല പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | 119,047/- രൂപ ജില്ല പഞ്ചായത്ത് വിഹിതം |
| ചെലവ് വിശദാംശം | 114,770/- ജില്ല പഞ്ചായത്ത് വിഹിതം<br>വൗച്ചർ നം.21900390/19.08.2019 (ചെക്ക് നം.5992354 തീയതി 19.08.2019)<br>4,277/- രൂപ ചെക്ക് നം.5992355/24.10.2019 |

പഞ്ചായത്ത് ഭരണസമിതിയുടെ 20/05/2019 ലെ 1/5 നം. തീരുമാന പ്രകാരം സ്പിൽ ഓവറായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ അഭിരാമി എം. (പിതാവ്-ചിത്രാ മുരുകൻ) എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മാണത്തിന് ചെലവായ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകിയിരിക്കുന്നു (വാല്യുവേഷൻ പ്രകാരം പഠനമുറിയുടെ ആസ്തിമൂല്യം 164,770/- രൂപ). 2018-19 വർഷം 50,000/- രൂപ മുൻകൂറും തൻവർഷം ബാക്കി തുക 114,770/- രൂപയും നൽകിയതായാണ് ഫയലിലും വൗച്ചറിലും

കാണുന്നത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ജില്ല പഞ്ചായത്ത് വിഹിതമായ 119,047/- രൂപയാണ് പ്രോജക്ട് ചെലവായി കാണുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരവും ജില്ല പഞ്ചായത്ത് വിഹിതം (റവന്യൂ ചെലവ്) 320700205 ശീർഷകത്തിൽ ചെലവായി 119,047/- രൂപയാണ് ബാധ്യത ഒഴിവാക്കി ക്രമീകരിച്ചിരിക്കുന്നത്.

മേൽവിവരിച്ച അപാകതയ്ക്ക് രേഖാമൂലം വിശദീകരണവും പ്രോജക്ട് പ്രകാരം ഫയലിൽ ലഭ്യമാക്കാത്ത 4,277/- രൂപ ചെലവ് ഉണ്ടെങ്കിൽ ആയതിന്റെ അനുബന്ധരേഖകളും ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.17/2019-20/10.03.2022) നൽകിയതിന് ചെലവ് രേഖകൾ ഹാജരാക്കുന്നതാണ് എന്നാണ് അസിസ്റ്റന്റ് സെക്രട്ടറി നൽകിയ വിശദീകരണം. കൃത്യമായ അനുബന്ധരേഖകളും വിശദീകരണങ്ങളും ഹാജരാക്കുന്നുവരെ മേൽ പ്രോജക്ട് ചെലവിൽ 4,277/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 ചകിണിക്കുന്ന് എസ്.സി. കോളനി ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങിയത് സ്റ്റോക്കിലടുത്ത് കൈമാറിയില്ല

| | |
|---|---|
| പ്രോജക്ട്(നം.), വർഷം | ചകിണിക്കുന്ന് എസ്.സി. കോളനി സാംസ്കാരിക നിലയം ലൈബ്രറി ഫർണിച്ചർ വാങ്ങൽ(114/20), |
| അടങ്കൽ | 48,990/- വികസന ഫണ്ട്(എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് | 48,990/- രൂപ |
| ചെലവ് വിശദാംശം | Bill No.3/2019-20/12.02.2020 |

മേൽ പ്രോജക്ടിൽ എസ്.സി. കോളനി സാംസ്കാരിക നിലയത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ജോജിൻ ഇൻഡസ്ട്രീസ്-പാലാ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ടി സ്ഥാപനത്തിൽ നിന്ന് 2 അലമാര (16000X2=32,000/-), ഒരു ടേബിൾ ഡ്രോ ക്യാബിൻ (5,000/-), ഒരു മൾട്ടിവുഡ് ഡസ്ക് (8,000/-), 5 ആം റെസ്റ്റ് കസേരകൾ (798X5=3,990/-) എന്നിങ്ങനെ ആകെ 48,990/- രൂപയുടെ ഫർണിച്ചർ BJ00346/03.02.2020 ഇൻവോയ്സ് പ്രകാരം വാങ്ങിയതായി കാണുന്നു. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രോജക്ട് രജിസ്റ്റർ, പ്രോജക്ട് ഫയൽ എന്നിവ പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് ലൈബ്രറിയിലേക്ക് നൽകിയതായി കാണുന്നില്ല. അപാകതകൾക്ക് രേഖാമൂലം വിശദീകരണവും അനുബന്ധരേഖകൾ ഉണ്ടെങ്കിൽ ആയതും ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.14/2019-20/09.03.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖ ഹാജരാക്കുന്നുവരെ പ്രോജക്ടിൽ ചെലവഴിച്ച 48,990/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 മുത്തോലി പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, മുത്തോലി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ S00 17/ 2019-20 നം. പദ്ധതി പ്രകാരം, പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 3,00,000/- രൂപ മെയിന്റനൻസ് റോഡിതരം ഫണ്ടിൽ വകയിരുത്തുകയും, 10.10.2019 ലെ 04/2019-20 നം. ബിൽ പ്രകാരം 1,49,080/- രൂപയും, 25.03.2020 ലെ 11/2019-20 നം. ബിൽ പ്രകാരം 1,33,056/- രൂപയും ഉൾപ്പെടെ 2,82,136/- രൂപ, KMSC Ltd - ന്റെ 3624001800000019 നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും 17864/- രൂപയുടെ മരുന്നുകൾ ലോക്കൽ പർച്ചേസ്സായി മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുകയും ചെയ്തു. എന്നാൽ 277887 രൂപയുടെ മരുന്ന്മാത്രമേ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുള്ളൂ.

| സ്ഥാപനത്തിന്റെ പേര് | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|

| | (തുക) | |
|---|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ, മുത്തോലി | 4,249/- | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, മുത്തോലി |
| ആകെ | 4,249/- | |

4,249/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ, ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-30 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120105 “Sales Of Empties And Waste Materials ” എന്ന ശീർഷകത്തിൽ 16492 രൂപ വരവുണ്ട്. ഇതിൽ 2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ വിവധ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്ന കാലിവീപ്പകളുടെ വിലയായ 14518 രൂപയും ഉൾപ്പെടുന്നു. ( പ്രോജക്ട് നം. 62/19, 90/19, 93/19, 95/19, 99/19 )

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിലേക്ക് മാറ്റുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വില 14518 രൂപ അതാത് ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 പന്തത്തല വനിത ക്ഷേമകേന്ദ്രം നിർമ്മാണം- അപാകതകൾ

പ്രോജക്ട് നം. 135/20

അടങ്കൽ- 1077000 രൂപ ( 400000- വികസന ഫണ്ട് + 571791- ധനകാര്യകമ്മീഷൻ ഗ്രാന്റ് + 105209- തനത് ഫണ്ട് )

ചെലവ്- 1077000 രൂപ ( 400000- വികസന ഫണ്ട്, ബിൽ നം. 1/19-20/ 17.5.2019 , 677000-ധനകാര്യകമ്മീഷൻ ഗ്രാന്റ്, ബിൽ നം. 8/19-20/ 16.7.2019 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമ പഞ്ചായത്തിന്റെ 9-ാം വാർഡിൽ മീനച്ചിൽ വില്ലേജിൽ സർവ്വേ നമ്പർ 238/3 ൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 45 വർഷത്തിലധികം പഴക്കമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതക്ഷേമ കേന്ദ്രത്തിന് പുതിയ കെട്ടിടം പണിയുന്നതിനാണ് പ്രോജക്ട്. പഞ്ചായത്ത് ഡയറക്ടറുടെ 21.1.2019 ലെ PAN/111/2019CB(DP) നമ്പർ ഉത്തരവ് പ്രകാരം പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, പ്ലിന്ത് ബീം, കോൺക്രീറ്റ് ട്ടണകൾ, ഭിത്തി, റൂഫ് സ്ലാബ് എന്നിവ ചെയ്ത് കെട്ടിടത്തിന്റെ സ്ടക്ചർ നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ടിന്റെ അടങ്കലിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിരുന്നത് 571791 രൂപയാണ്, എന്നാൽ 677000 രൂപയാണ് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

2) വനിത ക്ഷേമകേന്ദ്രം പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിൽ ലഭ്യമായ സാധനങ്ങൾ സംബന്ധിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കയതായി കാണുന്നില്ല.

3) വനിത ക്ഷേമകേന്ദ്രത്തിന്റെ പൂർത്തീകരണത്തിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2021-22 വർഷം തുടർ പ്രോജക്ടുകൾ ഏറ്റെടുത്ത് വനിത ക്ഷേമകേന്ദ്രം പൂർത്തിയാക്കിയിട്ടുണ്ട് എന്നും പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിൽ ലഭ്യമായ സാധനങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് എന്നും അറിയിച്ചു. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തലിൽ അധികമായി 105209 രൂപ ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കിയില്ല. രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 105209 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 തിരുവേലിക്കൽ വനിതാക്ഷേമ കേന്ദ്രം ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ

പ്രോജക്ട് നം. 92/20

അടങ്കൽ- 49500 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ്- 41904 രൂപ ( ബിൽ നം. 40/2019-20/18.3.20 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. ഒന്നാം വാർഡിലെ പടിഞ്ഞാറ്റിൻകര വെസ്റ്റ് അങ്കണവാടിയുടെ ഒന്നാം നിലയിൽ വനിതാക്ഷേമ കേന്ദ്രമായി ഉപയോഗിക്കുന്ന ഹാളിന്റെ തറ ടൈൽ ഇടുന്നതിനാണ് പ്രോജക്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

2) സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി പാസ്സാക്കിയിട്ടില്ല.

4) ഗുണഭോക്തൃസമിതിയുടെ മിനുട്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ഗുണഭോക്തൃസമിതി കൺവീനറുടെയും പ്രസിഡന്റിന്റെയും പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

രേഖകൾ തയ്യാറാക്കാതെ കൺവീനർക്ക് തുക നൽകിയത് ക്രമപ്രകാരമല്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അപാകതകൾ പരിഹരിച്ചതായി അറിയിച്ചു. ഗുണഭോക്തൃസമിതി വഴി മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-33 ആശ്രയപദ്ധതി സംബന്ധിച്ച്

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ പദ്ധതിയുടെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 28/19-20/ പ്രകാരം 20.02.20ൽ 100000/ രൂപ പിൻവലിച്ച് കുടുംബശ്രീയുടെ കാനറാ ബാങ്കിന്റെ മുത്തോലി ശാഖയിലെ 5636101003251 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. അഗതി രഹിതകേരളം പദ്ധതി ഗുണഭോക്താവായ ശ്രീമതി.ജാനകി ഹരിഹരൻ, വരകുകാലായിൽ എന്നയാളുടെ ഭവനപുനരുദ്ധാരണ പവൃത്തികൾ നടത്തുന്നതിനായാണ് പണം അനുവദിച്ചത്.സി.ഡി.എസ്സിന്റെ മേൽനോട്ടത്തിൽ കുടുംബശ്രീയുടെ ത്രിതല സംഘടനാസംവിധാനം ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ 08.03.2022ൽ കുടുംബശ്രീയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല എന്ന് കണ്ടു. വികസനഫണ്ട് പിൻവലിച്ച് വർഷങ്ങളോളം ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് തെറ്റാണ്. തുക ചെലവഴിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

ആശ്രയപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ 178/18 പ്രകാരം കൈമാറിയ 250000/രൂപ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല എന്ന് കാണുന്നു. ആശ്രയ പദ്ധതി നടത്തിപ്പിനായി കാനറാ ബാങ്കിൽ 5636101003251-നമ്പറായി അക്കൗണ്ട് ഉണ്ടായിരുന്നിട്ടും 2017-18 ലെ 2/17-18, 3/17-18 എന്നീ ബില്ലുകൾ പ്രകാരം തുക കൈമാറിയിട്ടുള്ളത് കുടുംബശ്രീയുടെ പഞ്ചാബ് നാഷണൽ ബാങ്കിലെ 4326000100015183 നമ്പർ തനത് ചെലവുകൾക്കായുള്ള അക്കൗണ്ടിലേക്കാണ്. തുക 19.2.18 ൽ പാസ്സ് ബുക്കിൽ വരവ് വന്നിട്ടുണ്ട്. ലഭ്യമായ തുക മൂന്ന് ആശ്രയ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക നൽകിയ ആശ്രയ ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ഗോപാലൻ, നെടുംപ്ലാക്കൽ, തെക്കുംമുറി വാർഡ്-12 | 12500/ |
| 2 | ജോണി, പാറയ്ക്കൽ, വാർഡ്-1 | 12500/ |
| 3 | മേരിതോമസ്, പുളിക്കവയലിൽ, | 25000/<br>75000/ |

ക്രമ നമ്പർ 3 മേരിതോമസ്, പുളിക്കവയലിൽ, 05.01.19 ൽ 75000/രൂപ കൈപ്പറ്റി ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് രണ്ട ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം നടത്തുന്നതിനായി നൽകിയ അഡ്വാൻസ് തുക എ.ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. അപാകതൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/19-20) ന് ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിക്കാനാവാത്ത 150000/ രൂപ തിരികെ അടയ്ക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ തനത് ചെലവുകൾക്കായുള്ള അക്കൗണ്ടിൽ ലഭിച്ച പദ്ധതി തുക ആശ്രയ പദ്ധതിക്കായുള്ള കാനറാ ബാങ്കിലെ 5636101003251-നമ്പർ അക്കൗണ്ടിലേക്ക് മാറ്റാതെ തനത് ചെലവുകൾക്കായുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ആശ്രയ പദ്ധതി പ്രകാരം ലഭിച്ച തുക ആവശ്യമില്ലാത്ത പക്ഷം തിരികെ ഒടുക്കേണ്ടതും വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-34 വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് | നിക്ഷേപിച്ച തുക /ഫണ്ട് | ബിൽനമ്പർ തീയതി | നിക്ഷേപിച്ച ഏജൻസി |
|---|---|---|---|---|
| 1 | 150/20 തുരുത്തിപ്പള്ളിൽ പൊന്നവീട്ടിൽ പടിഞ്ഞാറേനട നടപ്പാത- സ്ട്രീറ്റ് മെയിൻ വലിക്കൽ | 35657/രൂപ(വികസന ഫണ്ട് ജനറൽ) | 31/ 19-20-19.03.20 | ഇലക്ട്രിസിറ്റി ബോർഡ് |
| 2 | 187/20 സിംഗിൾ ഫേസ് -ത്രീഫേസ് കൺവേർഷൻ | 60000/രൂപ ധന.ഗ്രാന്റ്<br>2116 തനത് ഫണ്ട് | 15/19-20/ 20.1.20<br>2464609/ 14.2.20 | ഇലക്ട്രിസിറ്റി ബോർഡ് |
| | ആകെ | 97773/ രൂപ | | |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 97773/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒടുക്കിയ 64005/രൂപ കെൽട്രോണിൽ വീണ്ടും ഒടുക്കി

സെക്രട്ടറി നിർവ്വഹണം നടത്തിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന ( നമ്പർ 120/20 ) പ്രോജക്ടിനായി വികസനഫണ്ട് റോഡിതരം ഫണ്ടിൽ നിന്നും 150000/ രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും ലഭ്യമായ പ്രഫോർമ ഇൻവോയിസ് നമ്പർ 11139/18-19 തീയതി 12.11.2019 പ്രകാരം ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായി 30527/ രൂപയും, പ്രഫോർമ ഇൻവോയിസ് നമ്പർ 11240/18-19 തീയതി 14.11.2019 പ്രകാരം ഒരു ലാപ് ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായി 33478/ രൂപയും ഉൾപ്പടെ ആകെ 64005/രൂപ ബിൽ നമ്പർ 12/19-20 – 05.12.19 പ്രകാരം പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും, ലാപ് ടോപ്പ് കമ്പ്യൂട്ടറും ലഭ്യമാകുകയും ആയത് ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് യഥാക്രമം വെറ്ററിനറി സർജൻ. അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിലേക്ക് നൽകിയിട്ടുമുണ്ട്. ബിൽ നമ്പർ 34 /19-20 – 24.3.20 പ്രകാരം പിൻവലിച്ച് ഒരു പ്രിന്റർ വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമാണ്. പിന്നീട് ബിൽ നമ്പർ 24*/19-20 തീയതി 2.3.20 പ്രകാരം 30527,* ബിൽ നമ്പർ 25/*19-20 തീയതി – 2.3.20 പ്രകാരം 33478* / രൂപയും പിൻവലിച്ച് ആകെ 64005/രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല. ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം ഫയലിലോ, ഹാർഡ് വെയർ രജിസ്റ്ററിലോ ലഭ്യമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ 64005/രൂപ കെൽട്രോണിന് അധികമായി നൽകിയിട്ടുള്ളതാണ് എന്നും, തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ ജാഗ്രതക്കുറവ് മൂലമാണ് ഇത്തരം അപാകതകളുണ്ടാവുന്നത്. 64005/രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 07.03.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 30.12.2019<br>07.02.2020 | 64991<br>43298 | 16/19-20, പരിരക്ഷ | 151451 | 0 |

| | | | | | |
|---|---|---|---|---|---|
| ളാലം | 18.03.2020 | 43162 | പാലിയേറ്റീവ് കെയർ | | |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 30.12.2019<br>14.01.2020<br>11.02.2020<br>25.02.2020<br>18.03.2020 | 160000<br>160000<br>40000<br>142100<br>80000 | 10/19-20, ലൈഫ് ഭവന പദ്ധതി ജനറൽ | 582100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 100000<br>160000<br>160000<br>80000 | 500000 | 117/19-20, ലൈഫ് ഭവന പദ്ധതി - എസ് സി പി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 03.12.19 | 100000 | 80/19-20, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 2018-19 (മൂലധന ചെലവ്) | 146000 | 172/19-20, മുത്തോലി കടവിൽ ഹൈമാസ്റ്റ് ലൈറ്റ് | 146000 | 0 |
| | ആകെ | 1479551 | | 1479551 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 27.02.2020 | 17900 | 10/19-20, ലൈഫ് ഭവന പദ്ധതി ജനറൽ | 17900 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 05.11.2019 | 396400 | 68/19-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 396400 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 07.03.2020 | 149275 | 80/19-20, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 149275 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2018-19 (മൂലധന ചെലവ്) | 639367 | 136/19-20, നെയ്യൂർ തോട് ചെക്ക് ഡാം നിർമ്മാണം | 639367 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 2018-19 | 119047 | 165/19-20, എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 119047 | 0 |
| | ആകെ | 1321989 | | 1321989 | 0 |

.165/19-20, എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം ചെലവഴിച്ച 119047/- രൂ 2018-19

ലഭ്യമായതാണ്. *136/19-20,നെയ്യൂർ തോട് ചെക്ക് ഡാം നിർമ്മാണം,

172/19-20, മുത്തോലി കടവിൽ ഹൈമാസ്റ്റ് ലൈറ്റ് എന്നീ പദ്ധതികളുടെ ചെലവ് മൂലധനചെലവിനായുള്ള വരവിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 150/19-20 തുരുത്തിപ്പള്ളിൽ പൊന്നുവീട്ടിൽ പടിഞ്ഞാറേ നടപ്പാത – സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 31/19-20 19.03.2020 | 35657 | 0 | 35657 |
| | 187/19-20 സിംഗിൾ ഫേസ് - ത്രീ ഫേസ് കൺവേർഷൻ | 15/19-20 20.01.2020 2464609 14.02.2020 | 60000 2116 | 0 | 62116 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ (എം.എസ്) 68/2018/എൽ എസ് ജി ഡി തീയതി 18.05.2018 | 1604181* | 0 | 147059** | 0 | 989083 |

* കഴിഞ്ഞ വർഷത്തെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായ 1604181/- രൂപയിൽ 468039/- രൂപ സംസ്ഥാന വിഹിതം വന്നത് 2018-19 വർഷം ലോൺ അക്കൗണ്ടിലേക്കാണ് വരവ് വച്ചിരുന്നത്. ആയത് 2019-20 വർഷം

വൗച്ചർ നം. 41900319/01.04.2019 പ്രകാരം സംസ്ഥാന വിഹിതം ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്. ആയതിനാൽ 2018-19 വർഷം തിരിച്ചടയ്ക്കാനുള്ള യഥാർത്ഥ തുക 1136142/- രൂപയാണ്. ** സ.ഉ.(സാധാ) നം. 6105/2019/ഫിൻ തീയതി. 01.08.2019, സ.ഉ.(സാധാ) നം. 10050/2019/ഫിൻ തീയതി. 02.12.2019 എന്നീ ഉത്തരവുകൾ പ്രകാരം ലൈഫ് ഭവന പദ്ധതി (ജനറൽ) ന്റെ ലോൺ തിരിച്ചടവായ തുകകൾ യഥാക്രമം 73529/- രൂ, 73530/- രൂ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യത് പ്രോജക്ട് വച്ച് കുറവ് ചെയ്യിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2020-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2018-19 | 3-13 | 3332 | റോയ് എബ്രഹാം | 119010100808 / 19.07.19 |
| 2018-19 | 3-13 | 1428 | സജീവ് ബി | 119010100810 / 19.07.19 |
| 2018-19 | 3-13 | 2856 | ബിബിൻ ബേബി | 119010100818 / 19.07.19 |
| 2018-19 | 3-13 | 2856 | ബിബിൻ ബേബി | 119010100819 / 19.07.19 |
| 2018-19 | 3-13 | 4046 | ബിബിൻ ബേബി | 119010100820 / 19.07.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

മുത്തോലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 57515885.05 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32782186.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 64005 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 813294 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 64005 | ശ്രീമതി.ലിറ്റി തോമസ്, സെക്രട്ടറി |
| ആകെ | | 64005 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 438573 | ശ്രീമതി.ലിറ്റി തോമസ്, സെക്രട്ടറി |
| 1-24 | 25023 | ശ്രീ.ലതീഷ് കുമാർ പി വി, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-25 | 55000 | ശ്രീമതി.ലിറ്റി തോമസ്, സെക്രട്ടറി |
| 1-26 | 34200 | ശ്രീമതി.പുഷ്പമ്മ കെ എസ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-27 | 4277 | ശ്രീ.ദേവേഷ് എസ്, അസി.സെക്രട്ടറി |
| 1-28 | 48990 | ശ്രീ.ദേവേഷ് എസ്, അസി.സെക്രട്ടറി |
| 1-29 | 4249 | ഡോ.ജിനു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-31 | 105209 | ശ്രീമതി.കാർത്തിക പ്രിയദർശനി എസ്, അസി.എഞ്ചിനീയർ |
| 1-34 | 97773 | ശ്രീമതി.ലിറ്റി തോമസ്, സെക്രട്ടറി |
| ആകെ | 813294 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലിറ്റി തോമസ്, സെക്രട്ടറി | സെക്രട്ടറി പായിപ്പാട് ഗ്രാമപഞ്ചായത്ത് | വെള്ളാലിൽ ളായിക്കാട് പെരുന്ന പി ഒ ചങ്ങനാശ്ശേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716/97/7.10.97/ 6.1.98 | 5 |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/ 15.1.99 | 5 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി.7/അദാ/18/214(1)/ 18/06.03.18 | 2 |
| 98-99 വരവ് | എൽ.എഫ്.കെ.പി-5/553/08/9.11.09 | |
| 2000-01, 2001-02പ്ലാൻ | എൽ.എഫ്.കെ.പി.7/570/ അദാ/14(3)/ 26.11.14 | 2 |
| 2000-01 | എൽ.എഫ്.കെ.പി.7/1459/ 17/23.03.17 | 12 |
| 2001-02 | എൽ.എഫ്.കെ.പി.7/570/അദാ/14(4) 26.11.14 | 3 |
| 2002-03 | എൽ.എഫ്.കെ.പി.7/470/05/9.9.05 | 17 |
| 2003-04 | എൽ.എഫ്.കെ.പി.7/അദാ/ 18/214(3)/18, 30.07.2020 | 3 |
| 2008-09 | എൽ.എഫ്.കെ.പി.7/1459(4)പി6/ 20.03.2017 | 3 |
| 2009-10 | എൽ.എഫ്.കെ.പി.7/1197/ 12/4.1.2013 | 4 |
| 2010-11 | എൽ.എഫ്.കെ.പി.7/19/14/20.3.14 | 7 |
| 2011-12 | എൽ.എഫ്.കെ.പി.7/639/2019/ 03.08.2020 | 4 |
| 2013-14 | എൽ.എഫ്.കെ.പി.7/639/19, 03.08.2020 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി7/639 /19(9) 03.08.2020 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/639/19 07.08.2020 | 8 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി7/236/18/ 3.3.18 | 12 |
| 2017-18 | കെ.എസ്.എകെ.ടി.എം.പി7/1979/18/ 25.04.19 | 15 |
| 2018-19 | കെ.എസ്.എകെ.ടി.എം.പി7/1942/19/ 29.05.2020 | 18 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്